# പതിനഞ്ചാം കേരള നിയമസഭ
# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ
# സംബന്ധിച്ച സെലക്ട് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലി

ആരോഗ്യമേഖലയിലെ പ്രകടനം അടിസ്ഥാനമാക്കിയുള്ള നീതി ആയോഗ് സൂചികയിൽ നൂറിൽ 82.20 സ്കോർ നേടി തുടർച്ചയായ നാലാം തവണയും കേരളം ഒന്നാമതെത്തിയെന്നത് ഏവർക്കും അഭിമാനമേകുന്ന വാർത്തയാണ്. എന്നിരുന്നാലും, വിവധതരത്തിലുള്ള പകർച്ചവ്യാധികളും പുതിയ രോഗങ്ങളും സംസ്ഥാനത്ത് പലപ്പോഴും ഉണ്ടാകാറുണ്ട്. അപ്രകാരമുള്ള പകർച്ചവ്യാധികൾ ഉണ്ടാകുമ്പോൾ ഉടനടി ഇടപെടൽ നടത്താനും ആവശ്യമായ സുരക്ഷാനടപടികൾ കൈക്കൊള്ളാനും സംസ്ഥാന ആരോഗ്യവകുപ്പിന് സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ഏകീകരിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ് പകർച്ചവ്യാധികളെ നേരിടുന്നത്. പകർച്ചവ്യാധികളെ ഫലപ്രദമായി തടയുന്നതിന് സംസ്ഥാനത്ത് മുഴുവൻ പ്രാബല്യമുള്ള ഒരു നിയമം ആവശ്യമായതിനാലാണ്, 1939 -ലെ മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്റ്റ് (1939 -ലെ III -ാം ആക്റ്റ്), 1955 -ലെ ട്രാവൻകൂർ - കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955 -ലെ XVI -ാം ആക്റ്റ്) എന്നിവയിലെ വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളത്. പുതിയതായി ഉണ്ടാകുന്ന പകർച്ചവ്യാധികളെയും മറ്റു രോഗങ്ങളെയും തടയുന്നതിനും നിയന്ത്രിക്കുന്നതിനും പൊതുജനാരോഗ്യത്തിനായുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതലകൾ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ടുമാണ് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 77-ാം നമ്പർ ബില്ലായി 2021 ഒക്ടോബർ 4-ാം തീയതിയിലെ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയുണ്ടായി. 2021 ഒക്ടോബർ 27-ാം തീയതി ബഹുമാനപ്പെട്ട ആരോഗ്യ – വനിത – ശിശു വികസന

വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും അന്നു തന്നെ ബിൽ സംബന്ധിച്ച് സൂക്ഷ്മപഠനം നടത്തുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സഭ അയയ്ക്കുകയും ചെയ്തു. ബില്ലിലെ വ്യവസ്ഥകൾ കൂടുതൽ സമഗ്രവും കാര്യക്ഷമവും പ്രായോഗികവുമാക്കുന്നതിനും, അങ്ങനെ ദേശീയതലത്തിൽ തന്നെ ആരോഗ്യരംഗത്ത് ഒരു പുതിയ മാതൃക സൃഷ്ടിക്കുന്ന തരത്തിലുള്ള ഒരു നിയമം നിർമ്മിക്കുന്നതിലേക്കായി പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ/ ആരോഗ്യ പ്രവർത്തകർ/ പൊതുജനങ്ങൾ/ ആരോഗ്യ വിദഗ്ദ്ധർ എന്നിവരിൽ നിന്ന് അഭിപ്രായങ്ങളും/ നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് 15.12.2021 -ന് കൂടിയ സെലക്ട് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ആയതിലേക്കായി തയ്യാറാക്കിയ ചോദ്യാവലി ചുവടെ ചേർക്കുന്നു.

**ചോദ്യാവലി**

1. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നുണ്ടോ?

2. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ജനങ്ങളുടെ സൗകര്യവും പങ്കാളിത്തവും തമ്മിലും, നിയന്ത്രണ നടപടികളും ശിക്ഷാ നടപടികളും തമ്മിലും, സന്തുലനം ചെയ്യുന്നുണ്ടോ?

3. പൊതുജനാരോഗ്യം എന്നത് എല്ലാവരെയും ബാധിക്കുന്ന കാര്യമായതിനാൽ ആയത് ബില്ലിലെ ശിക്ഷാധിഷ്ഠിതമെന്നതല്ലാതെ കൂടുതൽ സുഗമവും പ്രോൽസാഹിപ്പിക്കേണ്ടതും ആകേണ്ടതുണ്ടോ?

4. പൊതുജനാരോഗ്യ ബില്ലിൽ ഓരോ സാഹചര്യങ്ങളെക്കുറിച്ചും പറയേണ്ടതുണ്ടോ? അതോ അത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സാധ്യമാക്കുന്ന വ്യവസ്ഥകൾ ഉണ്ടായിരുന്നാൽ മതിയാകുമോ?

5. പ്രസ്തുത ബില്ലിലെ വകുപ്പുകൾ പര്യാപ്തമാണോ? എന്തെങ്കിലും ഒഴിവാക്കൽ/ കൂട്ടിചേർക്കൽ ആവശ്യമാണോ?

6. പൊതുജനാരോഗ്യ വിവരശേഖരണവും സൂക്ഷിക്കലും ആവശ്യമാണോ?

## അദ്ധ്യായം 1

7. ബില്ലിന്റെ 2-ാം വകുപ്പിലെ നിർവ്വചനങ്ങളിൽ (ഉദാ: ഓവുചാൽ, ഹെൽത്ത് ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവ) എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

## അദ്ധ്യായം 2

8. ബില്ലിന്റെ 3 മുതൽ 15 വരെയുള്ള വകുപ്പുകൾ സംസ്ഥാന പൊതുജനാരോഗ്യ അധികാരി, ജില്ലാ പൊതുജനാരോഗ്യ അധികാരികൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ എന്നിവർ നിലവിൽ വരുന്നത് സംബന്ധിച്ചും ഹെൽത്ത് ഓഫീസർമാരുടെ നിയമനം സംബന്ധിച്ചും പൊതുജനാരോഗ്യ അധികാരികളുടെ കടമകളെയും ചുമതലകളെയും സംബന്ധിച്ചും പരാമർശിക്കുന്നു. പ്രസ്തുത വകുപ്പുകളിൽ മറ്റ് എന്തെങ്കിലും മാനദണ്ഡങ്ങൾ/ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

## അദ്ധ്യായം 3

9. 16-ാം വകുപ്പിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ? ഈ വകുപ്പിൽ മറ്റ് എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതുണ്ടോ?

10. 17-ാം വകുപ്പിൽ ജലവിതരണവുമായി ബന്ധപ്പെട്ട് ജില്ലാ പൊതുജനാരോഗ്യ അധികാരിക്ക് ഇതിൽ കൂടുതൽ അധികാരങ്ങൾ ആവശ്യമെങ്കിൽ വിവരിക്കുക.

## അദ്ധ്യായം 4

11. 19-ാം വകുപ്പിലെ പൊതുശുചിത്വ സൗകര്യങ്ങൾ നൽകുവാനും ഉറപ്പുവരുത്തുവാനുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതയെക്കുറിച്ച് എന്തെങ്കിലും കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

12. 21-ാം വകുപ്പിൽ താമസസ്ഥലങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് എല്ലാ വർഷവും സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിരിക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമുണ്ടോ? വാർഷിക സാനിറ്ററി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച കൂടുതൽ വ്യക്തത ആവശ്യമുണ്ടോ? ഈ വകുപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിക്കുവാനുണ്ടോ?

13. 23-ാം വകുപ്പിൽ ആരോഗ്യവകുപ്പിന്റെ പരിശോധന സംബന്ധിച്ച് എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ? വ്യക്തമാക്കുക?

## അദ്ധ്യായം 5

14. 24-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള 'ശല്യമായി കരുതപ്പെടുന്നവയിൽ' കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടോ?

15. 26-ാം വകുപ്പിൽ ശല്യം സംബന്ധിച്ച വിവരം നൽകുന്നതിനെ തുടർന്നുള്ള നടപടിക്കായി പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് കൂടുതൽ അധികാരവും, പ്രസ്തുത ശല്യം ഉണ്ടാക്കുന്നവർക്കെതിരെ ശിക്ഷാനടപടിയും ആവശ്യമാണോ?

16. 30-ാം വകുപ്പിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി വീഴ്ച വരുത്തുന്ന സംഗതിയിൽ സർക്കാർ സ്വീകരിക്കുന്ന നടപടി പര്യാപ്തമാണോ? ഭേദഗതികളുണ്ടെങ്കിൽ വ്യക്തമാക്കുക?

## അദ്ധ്യായം 6

17. 32-ാം വകുപ്പിൽ പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ - കൗമാര ആരോഗ്യ അവസ്ഥ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ ഭേദഗതികൾ/ നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ?

## അദ്ധ്യായം 7

18. 33-ാം വകുപ്പിൽ ഭേദഗതികൾ/ കൂട്ടിച്ചേർക്കലുകൾ നിർദ്ദേശിക്കുവാനുണ്ടോ? വിശദമാക്കാമോ?

19. 38-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന രോഗമുക്തി സംബന്ധിച്ച സാക്ഷ്യപത്രത്തെപ്പറ്റി കൂടുതൽ വ്യക്തത ആവശ്യമുണ്ടോ;

20. ബില്ലിന്റെ 39-ാം വകുപ്പ് സംശയാസ്പദമായ സ്രോതസ്സിൽ നിന്നുമുള്ള വെള്ളത്തിന്റെയോ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ ഉപയോഗത്തിന്റെ നിരോധനത്തെക്കുറിച്ച് നിഷ്കർഷിക്കുന്നു. ഇവ പര്യാപ്തമാണോ? ഈ വകുപ്പിൽ ഭേദഗതി നിർദ്ദേശിക്കുന്നുണ്ടോ?

21. ബില്ലിന്റെ 40-ാം വകുപ്പ്, രോഗബാധിതനെ ആശുപത്രിയിലേക്ക് മാറ്റുന്നത് സംബന്ധിച്ചാണ്. ഇതിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

22. പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിലേക്ക് പകർച്ചവ്യാധി പിടിപെട്ട ആളെ ആശുപത്രിയിലേക്ക് നിർബന്ധിതമായി മാറ്റുന്നതു സംബന്ധിച്ച് ബില്ലിന്റെ 41-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആശുപത്രിയിൽ നിന്നും അനുമതിയില്ലാതെ വിട്ടുപോകുന്നത് നിരോധിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത വകുപ്പിൽ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ നിർദ്ദേശിക്കുവാനുണ്ടോ? ആളുകൾ അണുബാധക്ക് സമ്പർക്കത്തിലാകുന്നത് നിരോധിക്കൽ സംബന്ധിച്ച് ആളുകളെ എപ്രകാരം അറിയിക്കണമെന്ന് വ്യക്തമായി പ്രതിപാദിക്കേണ്ടതുണ്ടോ?

23. ആളുകളുടെ ഒത്തുചേരൽ നിയന്ത്രിക്കുന്നതിനുള്ള ജില്ലാകളക്ടറുടെ അധികാരത്തെക്കുറിച്ച് വ്യക്തമാക്കുന്ന ബില്ലിന്റെ 47-ാം വകുപ്പിൽ കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

24. ഭക്ഷണങ്ങളിൽ നിന്ന് പകരുന്ന രോഗങ്ങളും ഭക്ഷ്യവിഷബാധയും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ബില്ലിലെ 55-ാം വകുപ്പിൽ ഭക്ഷ്യജന്യ രോഗങ്ങളുടെ നിയന്ത്രണത്തേയും പ്രതിരോധത്തേയും സൂചിപ്പിച്ചിരിക്കുന്നു. ഇവ പര്യാപ്തമാണോ? ഇതിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

25. ആശുപത്രികളുടെയും ലാബുകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കുന്നത് സംസ്ഥാനത്തിന് ഗുണകരമെങ്കിലും ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമുണ്ട്. ഇക്കാര്യം പ്രതിപാദിക്കുന്ന ബില്ലിലെ 56-ാം വകുപ്പ് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം വയ്ക്കാനുണ്ടോ?

## <u>അദ്ധ്യായം 8</u>

26. ജലശേഖരങ്ങളിൽ കൊതുകുകളുടെ പ്രജനനം തടയുന്നതുമായി ബന്ധപ്പെട്ട 59-ാം വകുപ്പിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ? (കൊതുകുനിവാരണത്തിന് പ്രായോഗികമായ നിർദ്ദേശങ്ങളും ക്ഷണിച്ചുകൊള്ളുന്നു.)

## <u>അദ്ധ്യായം 9</u>

27. മേളകൾ, പൊതുസാമൂഹ്യ ഒത്തുചേരൽ എന്നിവ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളെയും കുറിച്ച് നിഷ്കർഷിക്കുന്ന 66-ാം വകുപ്പിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ? ഒത്തുചേരൽ എന്നതിന് കൂടുതൽ വ്യക്തതയും നിർവചനവും ആവശ്യമുണ്ടോ?

28. മലിനമായ ഭക്ഷണമോ, രോഗം പടർത്താൻ സാധ്യതയുള്ള ഭക്ഷണമോ മേള, ഉത്സവം, സ്വകാര്യ അല്ലെങ്കിൽ പൊതു ഒത്തുചേരൽ സ്ഥലത്ത് നിന്നും പിടിച്ചെടുക്കുന്നതിനുള്ള അധികാരത്തെക്കുറിച്ച് പരാമർശിക്കുന്ന 67-ാം വകുപ്പിൽ കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ?

## അദ്ധ്യായം 11

29. പകർച്ചവ്യാധിയല്ലാത്തതും എന്നാൽ ദീർഘകാലം നീണ്ടു നിൽക്കുന്നതുമായ പ്രമേഹം, അർബുദം തുടങ്ങിയ രോഗങ്ങളുടെ നിയന്ത്രണത്തെക്കുറിച്ച് പരാമർശിക്കുന്ന 70-ാം വകുപ്പിൽ അപ്രകാരമുള്ള കൂടുതൽ രോഗങ്ങൾ ഉൾപ്പെടുത്തേണ്ടതായുണ്ടോ? / ജങ്ക് ഫുഡ് / ട്രാൻസ് ഫാറ്റി ആസിഡ് തുടങ്ങിയവയുടെ ഉപയോഗം പരമാവധി ഇല്ലാതാക്കുന്നത് ഉൾപ്പെടെ ഈ വകുപ്പിൽ കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

## അദ്ധ്യായം 12

30. 75-ാം വകുപ്പിൽ ദുരുദ്ദേശത്തോടെയുള്ള അധികാര ദുർവിനിയോഗത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥകൾ പര്യാപ്തമാണോ?

31. ഈ നിയമത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ഓഫീസർമാർ എന്നിവരുടെ ജോലികൾ തമ്മിൽ വൈരുദ്ധ്യങ്ങളെന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

32. പൊതുജനാരോഗ്യ ഡേറ്റ സ്വരൂപിക്കൽ, അവ സംഭരിച്ചുവെക്കൽ, ആയുഷ് വകുപ്പിന്റെ പങ്കാളിത്തം എന്നിവ സംബന്ധിച്ച് അഭിപ്രായമുണ്ടെങ്കിൽ രേഖപ്പെടുത്തുക. ഈ ചോദ്യാവലിയിൽ പരാമർശിക്കാത്ത മറ്റ് വകുപ്പുകളെക്കുറിച്ച് ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്, പൊതുജനാരോഗ്യമെന്ന വിഷയ പരിധിക്കുള്ളിൽ കൂടുതലായി എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ ആയവ പരമാവധി അഞ്ച് വാക്യത്തിൽ എഴുതി സമർപ്പിക്കാവുന്നതാണ്.

2021 -ലെ കേരള പൊതുജനാരോഗ്യ ബിൽ, ചോദ്യാവലി എന്നിവ www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, (0471 - 2512020) നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ തപാലിലോ email id: legislation@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിലോ 2022 മാർച്ച് 31 -ന് മുമ്പായി ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,
കേരള നിയമസഭ.

**LIST OF EXPERT IN KERALA AND OUTSIDE KERALA**

- Dr Vishwa Mohan Kotach, Former DG, ICMR
- Shri.S.M. Vijayaanand, Former Chief Secretary
- Dr. T. Sundararaman
- Dr. Rajeev Sadanandhan
- Dr Cherian Varghese, Coordinator, NCD, WHO
- Dr. V Ramankutty - Former HOD, AMCHSS, Public Health Expert and Economist
- Dr. K Vijaya Kumar - Public Health Expert, Former HOD Community Medicine, GMCT
- Dr. K R Thankappan - Public Health Expert, Former HOD AMCHSS (Achutha

Menon Centre)

- Dr. M K C Nair - Pediatrician, Former Vice Chancellor, KUHS, Founder of CDC
- Dr. Shiva Sankaran - Prof. Dept. of Cardiology, SCTIMST, Trivandrum
- Dr. K V Krishnadas - Former HOD, Dept. of Medicine, TVM Medical College
- Dr. P K Jameela - Former DHS, Planning board member
- Padamasree Dr. A Marthanda Pillai - Former HOD Neurosurgery, GMCT & Chairman Ananthapuri Hospital
- Padamasree Dr M R Rajagopal - Director, Pallium India
- Dr. B Ekbal - Former VC MG University, Former HOD, Neurosurgery Govt. Medical college, Kottayam, member-planning board
- Dr. K T Shenoy - Former Prof. & HOD, Gastro entrology, GMCT
- Dr. K A Kumar - Former HOD Psychiatry, MC TVPM
- Dr. Rajamohanan - Former Prof. Pediatrics GMCT & Public Health Expert
- Dr. V P Gangadharan - Oncologist, Lakeshore Ernakulam
- Dr. Asha Kishore - Neurologist
- Padamasree Dr. G Vijayaraghavan - Former HOD Cardiologist, TVM
- Dr. T Suresh Kumar - Former Secretary IMA KSB, Pediatrician, Editor ‘Nammude Arogyam’
- Dr. Nirmala - HOD Dept of Gynaecology
- Dr. P V Ramachandran - Former Prof. Dept of Radio diagnosis & Former DME, GMC Calicut
- Dr. V Mohanan Nair - Former Principle KSIHFW, Public Health Expert
- Dr. R V Asokan - Physician, Former IMA President of Kerala, National Coordinator of TB
- Dr. Rajeev Jayadevan - Gastro enologist & President IMA Kochi

**Faculty from MCH and Directorate of Health Services**

- Dr.R.Chandhini – Prof. Medicine, Govt. Medical College, Kozhikode
- Dr.SairuPhuilip – Prof & HoD Depat of Community Medicine, Alappuzha Medical College
- Dr.R.Ramesh – Project Director, KSACS, Former DHS
- Dr. K.E. Elizabeth – Prof & HoD Pediatrics, SIT Hospital, TVM
- Dr.C.V. Prasanth – Palliative Care Physician, RCC

- Dr.Sheela Balakrishnan – Prof Dept of O&G Medical College, Trivandrum
- Dr.T.K. Suma – Prof of Medicine, Government Medical College, Alappuzha
- Dr.V Jayakumar – Cardiothoracis Surgeon, MCH Kottayam
- Dr. Joy Elamon - Director KILA
- Dr Indu P S, HOD Department of Community Medicine, GMCH, Kollam
- Dr Anish TS, Associate professor, Department of Community Medicine, GMCH, Thiruvananthapuram
- Dr. Meenakshy, ADHS (PH)
- Dr.Raju, DHS (I/C)
- Dr.Sakina, DMO, Wynad
- Dr.Reena, ADHS (Admn & Trg)
- Dr. Mathews NumC, Ayyampuzha
- Dr.Naveen, DPM, Kozhikkode

**Departments directly having link to the public health**

| | |
|---|---|
| **Departments**<br>• Health and Family Welfare Department<br>• Ayush Department<br>• Agriculture Department<br>• Backward Classes Development Department<br>• Electronics and Information Technology Department<br>• Environment Department<br>• Finance Department<br>• Food and Civil supplies Department<br>• Forest and Wildlife Department<br>• Education Department | • Higher Education Department<br>• Labour and Skills Department<br>• Law Department<br>• Local Self Government Department<br>• Planning and Economic Affairs Department<br>• Revenue Department<br>• Scheduled Castes and Scheduled Tribes Development Department<br>• Science and Technology Department<br>• Social Justice Department<br>• Sports and Youth Affairs Department<br>• Water Resources Department<br>• Woman and Child Development Department |
| • Industries department<br>• Housing department<br>• Minority welfare department<br>• Power department<br>• Public Works department<br>• Transportation department<br>• Economics & Statistics Department<br>• Fire and Rescue Service Department<br>• Ground Water Department<br>• Homoeopathy | • DHS<br>• DME<br>• Animal Husbandry Department<br>• Ayurveda Medical Education Directorate<br>• Civil Supplies Department<br>• Collegiate Education Department<br>• Country Town Planning Department<br>• Fisheries<br>• Dairy Development Department<br>• Directorate of Social Welfare<br>• Corporative department<br>• Drugs Control Department<br>• Food Safty<br>• Kerala Water Authority<br>• Pollution Control Board<br>• Factories and Boilers |
| • Indian Systems of Medicine Department<br>• Information and Public Relations Department<br>• Insurance Medical Services Department<br>• Labour Department<br>• Legal Metrology Department<br>• Local Fund Audit Department<br>• Medical Education Department | **Mission**<br>• Kudumbasree<br>• NHM<br>• AYUSH mission<br>• Suchitwa mission<br>• LIFE mission<br>• Aardram mission<br>• Harithakeralam<br>• Vidyakiranam |

| | |
|---|---|
| • Mining & Geology Department<br>• Home affairs<br>• Disaster Management<br>• Rural Development Department<br>• Sports and Youth Affairs | • KSSM<br>• State Health Agency<br>• Information Kerala Mission<br>• e-Health / National digital health mission<br>• IT mission |

**States having public health act**

| Already existing | In process | Not planning | Adopting central Govt. act |
|---|---|---|---|
| • Andhra Pradesh<br>• Tamil Nadu<br>• Goa<br>• Uttar Pradesh<br>• Madhya Pradesh<br>• Assam<br>• UT - Pondichery | • Karnataka<br>• Punjab<br>• Sikkim<br>• Odisha<br>• Manipur<br>• Jharkhand<br>• Meghalaya<br>• Maharashtra<br>• UT of Dadra and Nagar Haveli and Daman and Diu | • West Bengal<br>• Chandigarh<br>• Jammu and Kashmir<br>• Uttarakhand<br>• Mizoram<br>• Nagaland<br>• Haryana<br>• Andaman and Nicobar Islands | • Nagaland<br>• Haryana |

**Certain institutions related to public health**

- RCC - Regional Cancer Centre
- SHA - State Health Agency
- SHSRC-K - State Health Systems Resource Centre- Kerala
- State Medicinal Plants Board,  Kerala
- State Public Health Lab
- NIV Alappuzha
- Rajiv Gandhi Centre for Biotechnology
- Travancore Kochi Medical Council
- Achutha Menon Centre for Health Science Studies
- AWW- ICDS- jagratha samithies
- Educational  institutions
- Child line centres
- Public health lab/state and regional labs
- Sports related offices, fitness centers
- Public relations (dist)
- NISH
- Kerala, State Medicinal Plants Board Kerala
- NIV Alappuzha
- Rajiv Gandhi Centre for Biotechnology
- Travancore Kochi Medical Council
- Achutha Menon Centre for Health Science Studies
- SCTIMST
- KSIHFW
- Port Health Organisation, Kochi
- KUHS
- Bio Life Science Park
- NIPMR – National Institute of Physical medicine & Rehabilitation
- School of Medical Education, Kottayam
- Child Development Centre – CDC
- Kerala State Council for Clinical Establishments
- E – Health
- Institute for Communicative and Cognitive Neurosciences - ICCONS
- Institute of Mental Health and Neurosciences – IMHANS
- KMSCL - Kerala Medical Services Corporation
- KERALA NURSES AND MIDWIVES COUNCIL
- KSACS - Kerala State AIDS Control Society
- MCC - Malabar Cancer Centre

## Institutions work in Public Health

1.Public Health Foundation of India New Delhi and its branches

2.National Institute of Epidemilogy Chennai

3.Achutha Menon Centre for Health Science Studies